൧൯൫൧ ഫെബ്രുവരി ൨൧-ാംനു-

നിയമനിർമ്മാണസഭയിൽ

# രാജപ്രമുഖൻ തിരുമനസ്സിലെ

# പ്രസംഗം.

നിയമസഭയുടെ ഈ സമ്മേളനത്തിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യാൻ എനിക്ക് വളരെ സന്തോഷമുണ്ട്.

൨. ലോകത്തിലെ ഇതരഭാഗത്തോടൊപ്പം നാമും ആശകളും ആശങ്കകളും നിറഞ്ഞ മറെറാരു സംവത്സരം തരണം ചെയ്തിരിക്കുന്നു. ഈ കാലഘട്ടത്തിൽ അന്തർരാഷ്ട്രീയസ്ഥിതി ഉൽക്കണ്ഠാകുലമായിരുന്നു. ഒന്നിൽ കൂടുതൽ പ്രാവശ്യം ലോകം ഒരു യുദ്ധത്തിൻെറ വക്കിലായതു പോലെ കാണപ്പെട്ടു. പക്ഷേ മഹാന്മാരായ രാഷ്ട്രനേതാക്കന്മാരുടെ ബുദ്ധിയും ക്ഷമയും മറെറാരു ലോകമഹായുദ്ധമാകുന്ന വിപത്തിൽനിന്നും നമ്മെ ഇതുപര്യന്തം രക്ഷിച്ചു. ഇതിനിടയ്ക്കു പല രാജ്യങ്ങളിലും സംഭരണം മുറയ്ക്കു നടക്കുകയും വിവിധരാഷ്ട്രങ്ങളുടെ വമ്പിച്ച പുനരായുധീകരണപരിപാടികൾ പല സാധനങ്ങളുടെയും വിലയിൽ അഭൂതപൂർവമായ വർദ്ധനവ് ഉളവാക്കുകയും ചെയ്തിട്ടുണ്ട്. ഇതു് ലോകസാമ്പത്തികസ്ഥിതിയിൽ അനിവാര്യമായ പ്രത്യാഘാതങ്ങൾ സംജാതമാക്കി.

൩. സർദാർ വല്ലഭായിപട്ടേലിൻെറ നിര്യാണത്തിൽ ഇൻഡ്യയ്ക്കു ഒരു അപരിഹാര്യമായ നഷ്ടമാണ് സംഭവിച്ചിട്ടുള്ളതു്. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടിയ പ്രമുഖന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. സ്വതന്ത്ര ഇൻഡ്യയുടെ ഏകീകരണം സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ നേട്ടങ്ങൾ നിങ്ങൾക്കെല്ലാം സുവിദിതമാണ്. അദ്ദേഹത്തിൻെറ നിര്യാണത്തിൽ എൻെറ ഗവണ്മെൻറ് അഗാധമായി ദുഃഖിക്കുന്നു. അദ്ദേഹം ചെയ്തതുപോലെ രാജ്യസേവനത്തിൽ സ്വയം അർപ്പിതരായി നമുക്ക് അദ്ദേഹത്തിൻെറ സ്മരണയെ സമാദരിക്കാം.

## ഭക്ഷ്യസംഭരണം.

൪. രാജ്യത്തെ ഭക്ഷ്യനില ഗുരുതരവും വിപൽക്കരവുമായിത്തന്നെ തുടരുന്നു. പ്രകൃതികോപങ്ങൾമൂലം ഇൻഡ്യയിലെ മിക്കവാറും എല്ലാ സംസ്ഥാനത്തിലേയും ആഭ്യന്തരമായ ഉൽപാദനത്തിന് വലിയ ഹാനി

സംഭവിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്താകട്ടെ ചെങ്കോട്ടയും ചിററൂരും താലൂക്കുകളിൽ അതികഠിനമായ ഉണക്കു ബാധിച്ചിരുന്നു. കുട്ടനാട്ടിലെ ൭൨,൦൦൦ ഏക്കർ നെൽപ്പാടങ്ങളെ വേലിയേററംമൂലം ഉണ്ടായ പൊട്ടലുകൾ ബാധിക്കയുണ്ടായി. ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കാൻ എന്റെ ഗവണ്മെൻറു ജാഗ്രതയായ ശ്രമങ്ങൾ ചെയ്തുവരുന്നു. പുതിയ ഭൂമികളിൽ കൃഷി ഇറക്കിവരുന്നുണ്ട്. ഒരുപ്പൂനിലങ്ങളെ ഇരുപ്പൂനിലങ്ങളായി മാററുന്നുണ്ട്. ജലസേചനപദ്ധതികൾക്കു മുൻഗണന നൽകിവരുന്നു. ഓരോ കർഷകനും വളം ലഭിക്കുമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. നെല്ലെടുപ്പുസമ്പ്രദായം ഏകീകരിക്കയും എടുക്കുന്ന നെല്ലിനു നിവൃത്തിയുള്ളിടത്തോളം വിലകൂട്ടിക്കൊടുക്കയും ചെയ്തുവരുന്നു. എന്നിട്ടും ആകെക്കൂടി ഫലം കമ്മിയാണെങ്കിൽ ആയതു അനിവാര്യമാണ്. തികയാതെവരുന്ന ഭക്ഷ്യം, വിദേശങ്ങളിൽനിന്നുള്ള സപ്ലൈമൂലവും മററു ഭക്ഷ്യസാധനങ്ങൾ പകരം ഉപയോഗിച്ചും പരിഹരിക്കാനേ നിവൃത്തിയുള്ളു. കൂട്ടുധാന്യങ്ങളുടെ നിർമ്മാണം പരിശോധനയ്ക്കു വിധേയമായിരിക്കുന്നു. ഗവണ്മെൻറ് ഇതിൽ മുൻകൈ എടുത്തു പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നു.

## ഇറിഗേഷൻ.

൫. ഒരുലക്ഷത്തിൽപരം ഏക്കർ സ്ഥലത്തിനു പ്രയോജനപ്രദമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നതും ഇപ്പോൾ ജോലി നടന്നുകൊണ്ടിരിക്കുന്നതുമായ മൂന്നു വൻജലസേചനപദ്ധതികൾ—പീച്ചിയും, ചാലക്കുടിയും, പെരിഞ്ചാണിയും പദ്ധതികൾ—തൃപ്തികരമായി പുരോഗമിക്കുന്നു. ഉദ്ദേശം ൭൭,൦൦൦ ഏക്കർ സ്ഥലത്തിനു പ്രയോജനകരമായിരിക്കുമെന്നുദ്ദേശിക്കുന്ന ഒരു പുതിയ പദ്ധതിയും—വാഴാനി പദ്ധതി—ആരംഭിച്ചിട്ടുണ്ട്. നെയ്യാർ ഇറിഗേഷൻ പദ്ധതിയെക്കുറിച്ചുള്ള പ്രാരംഭാന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതിമൂലം ഉദ്ദേശം ൭൫,൦൦൦ ഏക്കർ സ്ഥലംകൂടി കൂടുതലായി കൃഷിചെയ്യാൻ സാധിക്കും. തണ്ണീർമുക്കം ബണ്ടും തോട്ടപ്പള്ളി ചാലും ഉൾപ്പെടുന്ന വേമ്പനാട്ടുകായൽ പദ്ധതിയുടെ പ്രാരംഭാന്വേഷണം മിക്കവാറും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതികൊണ്ട് കുട്ടനാട്ടിലെ ഉദ്ദേശം ഒന്നേകാൽ ലക്ഷം ഏക്കർ ഭൂമി വെള്ളപ്പൊക്കത്തിന്റേയും കടൽവെള്ളത്തിന്റേയും ശല്യത്തിൽനിന്നു സുരക്ഷിതമായി തീരുന്നതിനുപുറമേ, ൪൫,൦൦൦ ഏക്കർ ഒരുപ്പൂനിലങ്ങളെ ഇരുപ്പൂനിലങ്ങളായി മാററുന്നതിനു സാധിക്കുകയും

ചെയ്യും. മൈനർ ഇറിഗേഷനും ഗവണ്മെൻറിൻെറ അവഗാഢമായ ശ്രദ്ധയ്ക്കു പാത്രമായിക്കൊണ്ടിരിക്കയാണ്. വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും, മണ്ണെണ്ണകളുടെ നിർമ്മാണത്തിനുള്ള പദ്ധതികളും, കുളങ്ങൾ നന്നാക്കി എടുക്കലും, ഇറിഗേഷൻ തോടുകൾ വെട്ടുന്നതും വളരെ നല്ലവണ്ണം പുരോഗമിച്ചുകൊണ്ടിരിക്കയാണ്.

## കൃഷി.

൯. കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിവരുന്ന തീവ്രമായ പ്രചരണത്തിൻെറ ഫലമായി, ശാസ്ത്രീയവളങ്ങളുടേയും പരിഷ്കൃത വിത്തുവർഗ്ഗങ്ങളുടേയും ഉപയോഗം രാജ്യത്തിലെ കൃഷിയുടെ ഒരു സ്ഥിര സ്വഭാവമായി പരിണമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന നെൽക്കൃഷി പ്രദേശങ്ങളിൽ രണ്ടര ലക്ഷം ഏക്കർ ഭൂമി കടുംവളം ചേക്കലിനായി തിരഞ്ഞെടുക്കുകയും ൫൫,൦൦൦ ടൺ വളം നൽകുകയും ചെയ്തിട്ടുണ്ട്. പരിഷ്കൃതനെൽവിത്തുവർഗ്ഗങ്ങൾകൊണ്ടു കൃഷിചെയ്യുന്ന പ്രദേശത്തിൻെറ വിസ്തീർണ്ണം ൫,൨൭,൦൦൦ ഏക്കറായി വർദ്ധിച്ചിട്ടുണ്ട്. കരിനിലപ്രദേശത്തിലെ തിരുത്തി എടുത്തിട്ടില്ലാത്ത അൻപതിനായിരം ഏക്കർ ഭൂമിയിൽ ശാസ്ത്രീയവളങ്ങൾ ഉപയോഗിക്കുന്നതായിരിക്കും. അടുത്ത വർഷം പ്രസ്തുതപ്രദേശം മുഴുവൻ നെൽക്കൃഷിക്കു വിധേയമാക്കാമെന്നു പ്രതീക്ഷിക്കുന്നു. മരച്ചീനികൃഷിക്കു വളം നൽകാനും ഏർപ്പാടുകൾ ചെയ്തുവരുന്നു.

൰. പുഞ്ചനിലങ്ങളിൽ നിന്നും വെള്ളം വററിക്കാൻ വൈദ്യുതശക്തി നൽകുന്നതും ദ്രുതതരം വിപുലമായി വരുന്നു. കൃഷിക്കു സഹായമായി കഴിവുള്ളിടത്തോളം വൈദ്യുതശക്തി കുറഞ്ഞ ചിലവിൽ നൽകണമെന്നാണ് എൻെറ ഗവണ്മെൻറിൻെറ ലക്ഷ്യം. ൩൦,൦൦൦ ഏക്കർ പുഞ്ചഭൂമിയിൽ ഇപ്പോൾ വൈദ്യുതശക്തി ഉപയോഗിച്ച് വെള്ളം വററിച്ചുകൊണ്ടിരിക്കുകയാണ്.

## വിദ്യാഭ്യാസം.

൰൧. എൻെറ ഗവണ്മെൻറ് സംസ്ഥാനത്തെ വരവിൻെറ ഉദ്ദേശം ൨൭ ശതമാനം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിച്ചുകൊണ്ടിരിക്കയാണ്. നിർബന്ധിതപ്രാഥമികവിദ്യാഭ്യാസപദ്ധതി ഇപ്പോൾ സംസ്ഥാനത്തെ ഒൻപതു താലൂക്കുകളിൽ പ്രവൃത്തികമാക്കിയി

രിക്കുന്നു. അടുത്ത വിദ്യാലയവർഷം രണ്ടു താലൂക്കുകളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രാരംഭാന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

൯. ഈ രാജ്യത്തു്, പ്രാഥമികവിദ്യാഭ്യാസം മുതൽ അങ്ങേഅററത്തെ ഘട്ടങ്ങൾ വരെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനത്തിനു വേണ്ടി സ്വകാര്യ ഏജൻസികൾ ചെയ്തിട്ടുള്ള സേവനങ്ങൾ എന്റെ ഗവണ്മെന്റു അംഗീകരിക്കുന്നു. പ്രൈവററു വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഭരണം സുനിശ്ചിതമാക്കുന്നതിനു അത്യന്താപേക്ഷിതമായിടത്തോളമല്ലാതെ അവയുടെ സ്വയംഭരണത്തിൽ ഇടപെടാൻ എന്റെ ഗവണ്മെന്റിനു ഇഷ്ടമില്ല.

൧൦. ചേർപ്പിൽ ഒരു അടിസ്ഥാനവിദ്യാഭ്യാസപരിശീലനകേന്ദ്രം ഉണ്ടു്. ഗവണ്മെന്റു് രണ്ടു അടിസ്ഥാനവിദ്യാഭ്യാസസ്ഥാപനങ്ങൾക്കു ഗ്രാന്റു് നൽകി വരുന്നു. കഴിയുന്നതും നേരത്തെ ഈ സംസ്ഥാനത്തു് ഡിപ്പാർട്ടുമെന്റുവകയായി അടിസ്ഥാനവിദ്യാലയങ്ങൾ സ്ഥാപിക്കാൻ എന്റെ ഗവണ്മെന്റു് ഉദ്ദേശിക്കുന്നു. വയോജനവിദ്യാഭ്യാസത്തിന്റെ വികസനത്തിനും അഭിവൃദ്ധിക്കും വേണ്ട പദ്ധതികൾ എഴുതിയുണ്ടാക്കാൻ ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടു്. ഒരു വയോജനവിദ്യാഭ്യാസകേന്ദ്രം തിരുവനന്തപുരത്തു തുറന്നിട്ടുമുണ്ടു്.

## വ്യവസായങ്ങൾ.

൧൧. സ്വദേശീയവ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സ്ഥിരമായ ഒരു പരിപാടി എന്റെ ഗവണ്മെന്റു് അനുവർത്തിച്ചുകൊണ്ടിരിക്കയാണു്. സംസ്ഥാനത്തെ ധാതുമണലുകൾ സംസ്ഥാനസ്വത്താകുന്നു. എന്റെ ഗവണ്മെന്റിന്റെ ഉദ്ദേശ്യം ധാതുമണൽവ്യവസായം മുഴുവനും കഴിവതു് സ്റ്റേററിന്റെ വകയും സ്റ്റേററിനാൽ ഭരിക്കപ്പെടുന്നതും ആയിരിക്കണമെന്നാണു്. നിലവിലിരിക്കുന്ന സ്വകാര്യധാതുവ്യവസായങ്ങൾ ഈ അടിസ്ഥാനത്തിൽ ക്രമേണ സ്റ്റേററുടമയിൽ കൊണ്ടുവരികയും ചെയ്യും. എന്റെ ഗവണ്മെന്റും, കേന്ദ്രഗവണ്മെന്റും സംയുക്തമായി ഉടമ വഹിക്കുന്ന ആലുവാ മോണസൈററു് ഫാക്ടറിയുടെ സ്ഥാപനത്തിനുള്ള ഏർപ്പാടുകൾ വേണ്ടപോലെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സ്വകാര്യമൂലധനത്തിനുണ്ടായിരിക്കുന്ന 'സന്ദേഹം' പുതിയ വ്യവസായങ്ങളുടെ പ്രാദുർഭാവത്തിനു ഒരു വലിയ പ്രതിബന്ധമായി കാണപ്പെടുന്നു. അതിനാൽ എന്റെ ഗവണ്മെന്റു്

അർഹതയുള്ള സ്വകാര്യവ്യവസായസ്ഥാപനങ്ങളുടെ ഓഹരിമൂലധനത്തിലേക്കു സാരമായ സംഭാവനകൾ ചെയ്തുകൊണ്ടിരിക്കയാണ്. അവശ്യസാധനങ്ങളുടെ ഉൽപ്പാദനത്തിൽ വ്യാപൃതമായിരിക്കുന്ന സ്വകാര്യവ്യവസായങ്ങൾക്ക്, ആവശ്യമെന്നും കഴിയുമെന്നും തോന്നുന്നിടത്തെല്ലാം, കടം വായ്പയായി ധനപരമായ സഹായവും ഗവണ്മെൻറ് ചെയ്തു കൊടുക്കുന്നുണ്ട്.

൧൨. സംസ്ഥാനത്തെ കുടിൽവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകളെപ്പററി റിപ്പോർട്ടുചെയ്യാൻ സംയോജിപ്പിച്ച കുടിൽവ്യവസായകമ്മിററി ഒരു ഇടക്കാലറിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. എൻെറ ഗവണ്മെൻറ് കമ്മിററിയുടെ നിർദ്ദേശങ്ങൾ പരിശോധിക്കയാണ്. കാലവിളംബം കഴിവതും വരുത്താതെ, സാദ്ധ്യമാകുന്നിടത്തോളം ആ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തണമെന്നാണ് ഗവണ്മെൻറിൻെറ ഉദ്ദേശ്യം. വ്യാവസായികഗവേഷണത്തിൻെറ അഭിവൃദ്ധിയിലും എൻെറ ഗവണ്മെൻറ് വേണ്ട ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. വാണിജ്യപരമായ ഒരു തോതിൽ ഷാക്ക്ലിവർഓയിൽ ഉൽപ്പാദിപ്പിക്കുന്നതിന് ഒരു മാനേജുമെൻറു ബോർഡ് സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. തിരുവല്ലായിലും മുല്ലൂർക്കരയിലും തുറക്കുന്ന സ്റ്റേഷനുകളിൽ മരച്ചീനി സംബന്ധിച്ച ഗവേഷണം അഭിവൃദ്ധിപ്പെടുത്താൻ പോകയാണ്. ഇഞ്ചിപ്പുല്ല് (ലമൺഗ്രാസ്) മുതലായ നാടൻ അസംസ്കൃതസാധനങ്ങളിൽനിന്ന് തൈലങ്ങൾ വാററി എടുക്കുന്നതും എൻെറ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഇതിനകം തന്നെ പെട്ടുകഴിഞ്ഞിട്ടുണ്ട്. ലോകവിപണിയിൽ ഇവയ്ക്ക് ആവശ്യക്കാർ വളരെയുണ്ട്. ആലോചനയിലിരിക്കുന്ന ഒരു പദ്ധതിയുടെ പ്രവർത്തനത്തിനായി ഒരു 'പൈലററ് പ്ലാൻറ്' എളുപ്പം തന്നെ സ്ഥാപിക്കുന്നതാണ്.

## വിദ്യുച്ഛക്തി.

൧൩. ഏതു രാജ്യത്തിൻെറയും വ്യവസായാഭിവൃദ്ധിയ്ക്ക് അതിന്താപേക്ഷിതമായ ഉപാധികളിൽ ഒന്ന് കുറഞ്ഞ വിലയ്ക്കു വിദ്യുച്ഛക്തി ലഭിക്കുകയാകുന്നു. എൻെറ ഗവണ്മെൻറ് മൂന്നു മേജർ ഹൈഡ്രോ ഇലക്ട്രിക്കു പദ്ധതികൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കയാണ്. അവ പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതിയും, ചെങ്കുളം ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതിയും, പെരിങ്ങൽകുത്തു ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതിയും ആകുന്നു. ഈ എല്ലാ പണികളും സ്ഥിരമായി

തന്നെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നടപ്പുവർഷത്തിൽ ഈ പവ്വർ സിസ്റ്റത്തിനൊട്ടാകെ, ൧൧൯ ലക്ഷം രൂപയുടെ മൂലധനച്ചെലവു് പ്രതീക്ഷിക്കുന്നു. ഈ വർഷാവസാനത്തോടുകൂടി ഈ പണികൾക്കായുള്ള മൊത്തം മൂലധനമുടക്ക് ഏകദേശം ൩൧൦ ലക്ഷം രൂപയായിരിക്കും.

## ഗതാഗതങ്ങൾ.

൧൮. ഈ സംസ്ഥാനത്തെ റോഡ്സിസ്റ്റത്തിന്റെ അഭിവൃദ്ധിക്കായി എന്റെ ഗവണ്മെന്റു് ഉദാരമായി ഗ്രാന്റു നൽകിക്കൊണ്ടിരിക്കയാണു്. പ്രധാന രാജപാതകൾക്ക് പൊടിയിളകാത്ത പ്രത്യേകതരം സർഫസിംഗ് ഇട്ടുവരുന്നു. മുനിസിപ്പാലിററികളിലും ഗ്രാമസംഘടനകളിലും നിന്നും, സ്റ്റേററുട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിലും പ്രൈവററുബസ്സും ലാറിയും നടത്തുന്നവരിലുംനിന്നും ഉള്ള വീതാംശങ്ങൾമൂലം ഇതു സുഗമമായിത്തീരുന്നതാണു്.

൧൯. ഒരു മുറയുമില്ലാതെ നിലവിൽ വന്നിട്ടുള്ള ഗ്രാമറോഡുകളേയും കർഷകറോഡുകളേയും നല്ലപോലെ ആസൂത്രണം ചെയ്തിട്ടുള്ള ഒരു വികസനപദ്ധതിയുടെള്ളിൽ കൊണ്ടുവരുന്നതാണു്. രണ്ടു പഞ്ചവത്സരപദ്ധതികളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി പ്രയോഗത്തിൽ വരുത്തും. ഇക്കാര്യത്തിലേക്കായി ഒരു ഗ്രാമറോഡ് വികസനഫണ്ടും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടു്.

൨൰. കമിളിയും ദേവികുളവും യോജിപ്പിച്ചു് ഒരു പുതിയ മേജർ ആർട്ടീറിയൽറോഡ് വാഹനഗതാഗതത്തിനായി വരുന്ന കൊല്ലം ഉണ്ടാക്കപ്പെടുന്നതാണു്. ഏതാണ്ടു മുഴുവൻ ജോലിയും പൂർത്തിയായിട്ടുണ്ടു്. ഈ റോഡു് ഹൈറേഞ്ചിലെ വിസ്തൃതമായ ഏലത്തോട്ടങ്ങളിൽകൂടി പോയി കർഷകയോഗ്യമായ ഒരു വിശാലപ്രദേശം തുറന്നിടുന്നു. മൂന്നാർ, പീരുമേട്ട് എന്നീ രണ്ടു ഹിൽ സ്റ്റേഷനുകളെ ഇതു യോജിപ്പിക്കുന്നുവെന്നുമാത്രമല്ല, ഹൈറേഞ്ചിലെ ഇതുവരെ ദുഷ്പ്രവേശമായിട്ടുള്ള ഭൂഭാഗങ്ങളുടെ സാമ്പത്തികവികാസത്തിന് ഇതു് ഏററവും പ്രധാനവുമാകുന്നു.

## ഭൂനയം.

൨൧. കഴിഞ്ഞ കുറെക്കാലമായി സംസ്ഥാനത്തെ ഭൂനയവും ഭൂമിസംബന്ധമായ നടപ്പവകാശവ്യവസ്ഥയും വീണ്ടും നവീകരിക്കുന്നതു സംബന്ധിച്ച പ്രശ്നം എന്റെ ഗവണ്മെന്റിന്റെ പര്യാലോചനയ്ക്കു

വിഷയീഭവിച്ചിട്ടുണ്ട്. പൊതുഭൂമികളെ സംബന്ധിച്ചിടത്തോളം, പറകയാണെങ്കിൽ, ഉള്ള സ്ഥലം വളരെ കുറവാണ്. അതിനാൽ സംസ്ഥാനത്തെ പ്രശ്നം, അവയിൽ സ്ഥിരതാമസത്തിന് ആളുകളെ പ്രേരിപ്പിക്കുക എന്നതിനെക്കാൾ ഭൂമി ആവശ്യപ്പെടുന്ന ഓരോ ആൾക്കും മതിയായ ഭൂമി നൽകുക എന്നുള്ളതാണ്. സ്വകാര്യവ്യക്തികളുടെയും കുടുംബങ്ങളുടെയും കൈവശമായിക്കഴിഞ്ഞിട്ടുള്ള ഭൂമികൾ, പ്രധാനസമുദായങ്ങളെ നിയന്ത്രിക്കുന്ന പിൻതുടർച്ചാവകാശവും ഭാഗവും സംബന്ധിച്ച നിയമങ്ങളുടെ സാധാരണ പ്രവൎത്തനംമൂലം എപ്പോഴുമുള്ള പങ്കിടലിനും തുണ്ടുതുണ്ടാക്കലിനും വിധേയമായിരിക്കുന്നു. തൽഫലമായി, സംസ്ഥാനത്തെ ഭൂവിതരണത്തിൻെറ മുഖ്യമായ പ്രത്യേകത തുണ്ടുതുണ്ടു ഭൂമികളാണ്. ഭൂമിയും ഭൂമികളുടെ മേലുള്ള അവകാശവും സംബന്ധിച്ച വ്യാപാരങ്ങൾ അനവധിയാണ്. അന്യാധീനപ്പെടുത്തലിനെ വല്ലപ്രകാരവും നിയന്ത്രിക്കുന്നതു് വസ്തുവിൻെറ അവകാശത്തിൽ ഉപദ്രവകരമായ ഒരു ഇടപെടലായി പരിഗണിക്കപ്പെടുന്നതാണ്.

൧൭. ഭൂനയക്കമ്മിററി അയച്ചിട്ടുള്ള ശുപാർശകൾ എൻെറ ഗവണ്മെൻറിൻെറ ഗാഢമായ ശ്രദ്ധയ്ക്കു വിഷയമായിട്ടുണ്ട്. കമ്മിററിയുടെ ശിപാർശകൾ കൈകാര്യം ചെയ്യുന്നതിൽ, ഭൂസംബന്ധമായ നടപ്പവകാശങ്ങളുടെ കുഴഞ്ഞ ഏർപ്പാട് കഴിയുന്നതും ലഘൂകരിക്കുക, എല്ലാ ഭൂമികളെയും അധിഷ്ഠാനനികുതിയേർപ്പാടിനു വിധേയമാക്കുക, ഭൂമികൾ ഉപയോഗിക്കുകയും കാർഷികോൽപ്പന്നങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് ഏററവും ഹിതകരമായ പരിതഃസ്ഥിതികൾ കഴിയുന്നതു എല്ലാ സംഗതിയിലും നിലവിൽകൊണ്ടുവരുക എന്നിവയാണ് എൻെറ ഗവണ്മെൻറിൻെറ ആഗ്രഹം. ഈ ലക്ഷ്യം നിറവേറുന്നതിന് ആവശ്യമായ നിയമം ഏർപ്പെടുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നു.

## തൊഴിൽ.

൧൮. രാജ്യത്തിൻെറ ക്ഷേമത്തിനും ഐശ്വര്യത്തിനും, സുഖമായും തൃപ്തിയോടും ജീവിക്കുന്ന ഒരു തൊഴിലാളിജനത ഉണ്ടായിരിക്കുക എന്ന അതിപ്രധാനസംഗതിയിൽ എൻെറ ഗവണ്മെൻറ് അനവരതം ശ്രദ്ധപതിപ്പിക്കുന്നുണ്ടു. കൂലികൊടുപ്പു് ആക്ട് സംസ്ഥാനത്തെ തോട്ടങ്ങളിലും വ്യാപിപ്പിച്ചിട്ടുണ്ടു. ആക്ട് തോട്ടങ്ങളിലേക്കു വ്യാപിപ്പിക്കുന്ന

ത്തിന്റെ ഫലമായി, ഇടനിലക്കാർ വഴി കൂലി കൊടുക്കുന്നതിന്റെയും, പ്ലാന്റേഷൻ വ്യവസായവുമായി പരമ്പരയാ ബന്ധപ്പെട്ടിട്ടുള്ള വാർഷിക കണക്കുതീർപ്പിന്റെയും ദോഷങ്ങൾ ഇല്ലാതാകുന്നതാണ്. കയർവ്യവസായത്തിന് "ഏററവും കുറഞ്ഞ കൂലികൾ ആക്ററും" പ്രകാരം ഏററവും കുറഞ്ഞ കൂലി ശിപാർശ ചെയ്യുന്നതിന് എന്റെ ഗവണ്മെന്റ് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. മററു വ്യവസായങ്ങൾക്കുംകൂടി അത്തരം കമ്മിററികൾ നിയമിക്കുന്നതിന് അവർ ഉദ്ദേശിക്കുന്നു. അധികം താമസിയാതെ കൃഷിയിലും ഗവണ്മെന്റ് ഏററവും കുറഞ്ഞ കൂലി ഏർപ്പെടുത്തുന്നതാണ്. സംസ്ഥാനത്തേയ്ക്കു്, വ്യാവസായികതർക്കങ്ങൾ ആക്ററ്, വ്യാവസായികതർക്കങ്ങൾ(അപ്പലേററ് ട്രിബ്യൂണൽ) ആക്ററും, വ്യാപിപ്പിച്ചതോടുകൂടി വ്യാവസായികതർക്കങ്ങൾ സഹകരണം മുഖേനയോ ന്യായത്തീർപ്പു മുഖേനയോ സമാപിക്കുന്നതിന് ശക്തിമത്തായ ഒരു മാർഗ്ഗം സ്ഥാപിതമായിട്ടുണ്ട്. ഈ വക നടപടികളുടെ പ്രവർത്തനത്തിന്റെ ഫലമായി, ജോലിക്കാരുടെ ആദായത്തിനും അവർ അനുഭവിച്ചു വരുന്ന സുഖസൌകര്യങ്ങൾക്കും സാമാന്യമായ ഒരു പുരോഗതി സംപ്രാപ്തമായിട്ടുണ്ടെന്നു കാണുന്നതു് തൃപ്തികരമാണ്.

## പൊതുജനാരോഗ്യവും വൈദ്യസഹായവും.

൨൦. മലമ്പനിനിവാരണപദ്ധതി സംസ്ഥാനമൊട്ടുക്കു പ്രയോജനകരമായ ഒരടിസ്ഥാനത്തിൽ ഉടനടി വ്യാപിപ്പിക്കുന്നതാണ്. ൧൯൪൯-ൽ ആരംഭിച്ച ബി. സി. ജി. പദ്ധതി സ്ഥിരമായ പുരോഗതി പ്രാപിച്ചുകൊണ്ടുതന്നെയിരിക്കുന്നു. തിരുവനന്തപുരത്തു് ഒരു ക്ഷയരോഗക്ലിനിക്കു സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ഏർപ്പാടുകൾ ഏതാണ്ടു പൂർത്തിയായിട്ടുണ്ട്. പൊതുജനാരോഗ്യഡിപ്പാർട്ടുമെന്റിൽ ഒരു പബ്ലിക്ക് ഹെൽത്തു് എഞ്ചിനീയറിംഗ് സെക്ഷൻ തുടങ്ങിയിട്ടുണ്ട്. നാട്ടുംപ്രദേശത്തുള്ള ജലവിതരണം, വർജ്ജ്യസാധനങ്ങളുടെയും വിസർജ്ജനവസ്തുക്കളുടെയും വിനിമയം, പാർപ്പിടം മുതലായി പരിസരങ്ങളെ സംബന്ധിച്ച എല്ലാ ആരോഗ്യപരിപാടികളിലും ഈ വകുപ്പ് ശ്രദ്ധപതിപ്പിക്കണമെന്നുള്ളതാണ് എന്റെ ഗവണ്മെന്റിന്റെ ഉദ്ദേശം. ഗ്രാമങ്ങളിലെ ജലസംഭരണം പരിഷ്കരിക്കുന്നതിനു വിപുലമായ ഒരു പദ്ധതി അടുത്ത ഭാവിയിൽ ഉദ്ഘാടനം ചെയ്യുന്നതിനുംകൂടി എന്റെ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്.

൧൦. ഇപ്പോൾ വൈദ്യവകുപ്പിൽ എല്ലാ ഗ്രേഡുകളിലുമായി ൧൧൭ ചികിത്സാസ്ഥാപനങ്ങളുണ്ട്. തദ്ദേശാവശ്യങ്ങൾക്കുതകുന്നതിനായി ഈ സ്ഥാപനങ്ങളെ വീണ്ടും വകതിരിക്കുന്ന പ്രശ്നത്തെപ്പററി പരിശോധിക്കുന്നതിന് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള ഡിസ്ട്രിക്ട് ആശുപത്രിക്കു പുറമേ ആലപ്പുഴയിൽ, സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു പുതിയ ആശുപത്രി താമസിയാതെ ഏർപ്പെടുത്തുന്നതാണ്. എല്ലാ ആശുപത്രികളിലും, ഡിസ്പൻസറികളിലും ആവശ്യമുള്ള സജ്ജീകരണങ്ങൾക്കും സ്റ്റാഫിനുമായി അടുത്തകൊല്ലത്തെ ബഡ്ജററിൽ ഉദാരമായ തുക കൊള്ളിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ മെഡിക്കൽകാളേജു സംബന്ധിച്ച ജോലികൾ ഷെഡ്യൂൾ അനുസരിച്ചു പൂർത്തിയാക്കിവരുന്നു; അടുത്ത സ്കൂൾവർഷത്തിൽ കാളേജ് ആരംഭിക്കാമെന്നു പ്രതീക്ഷിക്കുന്നു.

## മത്സ്യവ്യവസായം.

൧൧. മത്സ്യത്തിൻെറ സുലഭത വർദ്ധിപ്പിക്കുന്നതിനായി മത്സ്യത്തെ കുളങ്ങളിൽ സംഭരിക്കുന്നതിനുള്ള ഒരു പദ്ധതി തന്നാണ്ടിൽ സമാരംഭിച്ചു. സംസ്ഥാനത്തു വിവിധഭാഗങ്ങളിലുള്ള പൊതുകുളങ്ങളിൽ കുട്ടിമത്സ്യങ്ങളെ ശേഖരിക്കുന്നതാണ്. തൃശ്ശൂർഡിസ്ട്രിക്ററിലുള്ള കുളങ്ങളിൽ ഇതു് ആരംഭിച്ചിരിക്കുന്നു. സ്വകാര്യകുളങ്ങളിൽ കുട്ടിമത്സ്യങ്ങളെ സംഭരിക്കുന്നതിന് ഒരു മിതമായ വിലയ്ക്കു് അവ നൽകാനും ഉദ്ദേശിക്കുന്നുണ്ട്. കായലുകളിലെ മത്സ്യവർഗ്ഗങ്ങളിൽനിന്നു വളർത്തുന്നതിനു പററിയ കുട്ടിമത്സ്യങ്ങളെ ശേഖരിച്ചു സംഭരിക്കുന്നതിനു നീണ്ടകര ഒരു ഫ്രൈസ്റ്റേഷൻ (കുട്ടിമത്സ്യകേന്ദ്രം) തുറക്കുന്നതാണ്.

## മൃഗചികിത്സ.

൧൨. സംസ്ഥാനത്തെ കന്നുകാലികളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എൻെറ ഗവണ്മെൻറു അക്ഷീണമായി യത്നിച്ചു വരികയാണ്. സംസ്ഥാനത്തെ വെറററിനറി ഡിപ്പാർട്ടുമെൻറ്, ഇൻഡ്യൻ കാഷിക ഗവേഷണസമിതിയുമായി യോജിച്ച് പല പദ്ധതികളും ഏറെറടുത്തിരിക്കുന്നു. ആ പദ്ധതികളിൽ ഒന്ന്, തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ നിയന്ത്രിതവും ശാസ്ത്രീയവുമായ ഉൽപാദനംകൊണ്ടു കന്നുകാലികളെ അഭിവൃദ്ധിപ്പെടുത്തുക എന്നതാണ്. നാടൻ പശുക്കളെ

ചുവപ്പു സിന്ധി, കംഗായം എന്നീ ഇനത്തിൽപ്പെട്ട അംഗീകൃതകാളകളുമായിച്ചേർത്ത്, ആ ഇനത്തെ മേന്മയുള്ളവയാക്കും. മുറാ, സൂരത്തി എന്നീ ഇനം പോത്തുകളെക്കൊണ്ട് എരുമകളെയും മെച്ചപ്പെടുത്തും. ശരിയായവിധം തിരഞ്ഞെടുത്തു വളർത്തി, മലബാർ ആടുകളെ അഭിവൃദ്ധിപ്പെടുത്തുന്നത് മറ്റൊരു പദ്ധതിയാണ്.

൨൪. തിരുവനന്തപുരത്തു ഒരു കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കുന്നതും അവിടെ നല്ല ജാതി കോഴികളെ വളർത്തുന്നതുമാണ്. ആ കേന്ദ്രത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പൂവൻകോഴികളെ നാട്ടിൻപുറത്തെ കോഴികളുടെ ഇനം നന്നാക്കുന്നതിനായി വിതരണം ചെയ്യുന്നതായിരിക്കും. അടവയ്ക്കാനുള്ള മുട്ടയേയും കോഴികളേയും ആ കേന്ദ്രത്തിൽനിന്നു പൊതുജനങ്ങൾക്കു വിൽക്കുന്നതാണ്.

## സഹകരണം

൨൫. എന്റെ ഗവണ്മെന്റിന്റെ മാർഗ്ഗനിർദ്ദേശത്തിലും പ്രോത്സാഹനത്തിലും സംസ്ഥാനത്തെ സഹകരണപ്രസ്ഥാനം ഒട്ടേറെ പുതിയ പന്ഥാക്കളിലേക്കു ദ്രുതഗതിയിൽ വ്യാപിച്ചുകൊണ്ടിരിക്കയാണ്. കുടിൽവ്യവസായങ്ങൾ, കൂടുതൽ ഭക്ഷ്യോൽപാദനസംരംഭം, ഭവനനിർമ്മാണപദ്ധതികൾ, റേഷൻ ധാന്യങ്ങളുടെയും തുണിയുടെയും വിതരണം, പള്ളിക്കൂടങ്ങൾ, ഭക്ഷണശാലകൾ ഇവയൊക്കെ സഹകരണസംഘങ്ങൾ ഏറ്റെടുക്കുകയും സ്തുത്യർഹമായ നിലയിൽ അവ വിജയകരമായി നടത്തിവരികയും ചെയ്യുന്നു.

## അധിനിവേശവും കുടിപാർപ്പും.

൨൬. മറ്റാളുകളുടെ ഭൂമിയിൽ ജീവിക്കുന്ന ഒരു വലിയ സംഘം സാധുക്കൾ സംസ്ഥാനത്തുണ്ട്. അവർക്കു സ്വന്തമായ ഭവനങ്ങൾ ഉണ്ടാകുന്നതിനു അവരെ പ്രാപ്തരാക്കുന്നതിൽ എന്റെ ഗവണ്മെന്റിന് ആകാംക്ഷയുണ്ട്. കൂടുതൽ ഭക്ഷ്യോൽപ്പാദനം നടത്തുന്നതിനുള്ള സംരംഭപ്രകാരം വനത്തിലും മറ്റു പ്രദേശങ്ങളിലും നിന്നു ൩൨,൦൦൦ ഏക്കർ ഭൂമി പാട്ടത്തിനു നൽകിക്കഴിഞ്ഞിട്ടുണ്ട്. ൧൯൫൧ അവസാനത്തിനു മുമ്പ് ഇതിന്റെ വിസ്തീർണ്ണം ൫൦,൦൦൦ ഏക്കറായി തീരുന്നതാണ്. ഈ ഭൂമികളിൽ കുറഞ്ഞത് ൧൦൦ സഹകരണകാളണികളെങ്കിലും സ്ഥാപിക്കണമെന്ന് എന്റെ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. കാളണികളെ സംഘടിപ്പിക്കുന്നതിനു ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുന്നു

ളും ഗവണ്മെൻറ് നിയമിച്ച ഗവണ്മെൻറ് ശമ്പളം നൽകുന്ന മുഴുവൻ സമയവും ജോലിചെയ്യുന്ന ഒരു സെക്രട്ടറിയോ, മാനേജരോ ഓരോ കാളണിയുടേയും ചാർജ്ജ് വഹിക്കുന്നതുമാകുന്നു.

൨൬. ഓരോ ഗ്രാമത്തിലും അവിടെയുള്ള ഭവനരഹിതരിൽ കഴിയുന്നതും കൂടുതൽ ആളുകൾക്കും ഭൂമി നൽകുന്നതായിരിക്കും. ഗവണ്മെൻറുവകയായി ഉപയോഗിക്കാതെ കിടക്കുന്ന ഭൂമികളിൽനിന്ന് അവക്കു വീടു വയ്ക്കാനുള്ള സ്ഥലങ്ങളും കൊടുക്കുന്നതാണ്. വലിയ ഭൂസ്വത്തുടമസ്ഥന്മാരിൽ ചിലർ എന്റെ ഗവണ്മെൻറിനോട് ഈ പദ്ധതിയിൽ സഹകരിക്കുന്നതിനു ഭൂമികൾ സൗജന്യമായി നൽകുന്നതിനും സസന്തോഷം സമ്മതിച്ചിരിക്കുന്നു. ആവശ്യമുള്ളിടത്തു നഷ്ടപരിഹാരം കൊടുത്തു കൂടുതൽ ഭൂമി എടുക്കാവുന്നതാണ്. ഈ വസ്തുക്കളിൽ താമസമുറപ്പിക്കുന്നതിനാഗ്രഹിക്കുന്നവക്കു ഭവനനിർമ്മാണോപകരണങ്ങൾ സൗജന്യമായി നൽകി സഹായിക്കുന്നതായിരിക്കും. ശുചീകരണസൗകര്യങ്ങൾ, പൊതുവിളക്കുകൾ മുതലായവയും ഗവണ്മെൻറ് ചിലവിൽ നൽകുന്നതായിരിക്കും.

## പിന്നാക്കസമുദായങ്ങൾ.

൨൭. പിന്നാക്കസമുദായങ്ങളുടെ സാമുദായികവും സാമ്പത്തികവും ആയ സ്ഥിതിയുടെ ഉന്നമനം എന്റെ ഗവണ്മെൻറിന്റെ മുൻപിൽ എപ്പോഴും ഉണ്ടായിരുന്ന ലക്ഷ്യങ്ങളിൽ ഒന്നാണ്. അവരുടെ ഇടയിലുള്ള അദ്ധ്യേതാക്കൾക്കു സ്കൂളുകളിലും കാളേജുകളിലും പ്രത്യേക വിദ്യാഭ്യാസസൗകര്യങ്ങൾ നൽകിവരുന്നു. ഇപ്പോൾ ൨൭൯ വിദ്യാർത്ഥികൾക്കു സർവകലാശാലാദ്ധ്യയനം ലഭിക്കുന്നുണ്ട്; അവരിൽ നാലുപേർ മെഡിക്കൽകാളേജിലും ഒരാൾ ലാക്കാളേജിലും ഒരാൾ റിസർച്ച്ഡിപ്പാർട്ടുമെൻറിലും ആണ്. അദ്ധ്യേതാക്കളായ കുട്ടികൾക്കു വേതനരൂപത്തിൽ തന്നാണ്ടിൽ ൩ ലക്ഷം രൂപാ വിതരണം ചെയ്തിട്ടുണ്ട്. ൨൧ വിദ്യാർത്ഥികൾക്കു സാങ്കേതികവിദ്യാഭ്യാസത്തിനായി സ്റ്റൈപ്പെൻഡുകൾ നൽകിവരുന്നു. പിന്നാക്കസമുദായകുടുംബങ്ങളെ പാർപ്പിക്കാനായി തന്നാണ്ടിൽ ൨൦൯ വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ൯൦ വീടുകൾ നിർമ്മിച്ചും വരുന്നു. പിന്നാക്കസമുദായങ്ങളുടെ നന്മയ്ക്കുവേണ്ടി ഒട്ടേറെ ഗ്രന്ഥശാലകളും നിശാപാഠശാലകളും വിവിധകേന്ദ്രങ്ങളിലായി നടത്തിവരുന്നു. സൗജന്യവ്യവസ്ഥകളിൽ പിന്നാക്കസമുദായാംഗങ്ങൾക്കു ഭൂമികൾ പതിച്ചുകൊടുക്കുന്നു. വിദ്യാ

ഭ്യാസവികസനംകൊണ്ടും സാമാന്യമായ സാമ്പത്തികാവസ്ഥകളുടെ ഉന്നമനംകൊണ്ടും പിന്നാക്കസമുദായങ്ങൾക്ക് ഇന്നത്തെ മത്സരോന്മുഖമായ ലോകത്തിൽ തങ്ങളുടെ സ്ഥാനം സുസ്ഥിരമാക്കത്തക്കവണ്ണം അവരെ ഒരു സ്ഥാനത്ത് എത്തിക്കണമെന്നാണ് എന്റെ ഗവണ്മെൻറിന്റെ ഉദ്ദേശം.

## നിയമവും സമാധാനവും.

൨൯. പ്രസംഗസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, പത്രപ്രവർത്തനസ്വാതന്ത്ര്യം എന്നിവ പോലുള്ള ചില വിലതീരാത്ത അവകാശങ്ങൾ ഭരണഘടന സംസ്ഥാനത്തെ ഓരോ പൗരനും നൽകിയിരിക്കുന്നു. ഈ അവകാശങ്ങൾ ഹാനിക്രൂടാതെ സംരക്ഷിക്കുന്നതിന് എന്റെ ഗവണ്മെൻറിനേക്കാൾ താൽപ്പര്യമുള്ള ആരും ഉണ്ടായിരിക്കുകയില്ല. എന്നാൽ പ്രസംഗസ്വാതന്ത്ര്യമെന്നും പത്രപ്രവർത്തനസ്വാതന്ത്ര്യമെന്നും ഉള്ള പേരിൽ കണ്ടുവരുന്ന അതിരുകടന്ന ദുഃസ്വാതന്ത്ര്യത്തെ എന്റെ ഗവണ്മെൻറിന് അനുവദിക്കാൻ നിവൃത്തിയില്ല. അതു പൊതുജീവിതമര്യാദകളെ നിഹനിക്കുകയും, സമുദായത്തിലെ വിവിധവർഗ്ഗങ്ങളുടെ ഇടയിൽ വിദ്വേഷവും വെറുപ്പും ഉളവാകുന്നതിനു പ്രേരകമാവുകയും ചെയ്യുന്നു. കടുത്ത രോഗത്തിൽ കടുത്ത പ്രതിവിധി ആവശ്യമാകുന്നു. സകല വിധ്വംസകശക്തികളേയും രാജ്യത്തിൽനിന്ന് ഉച്ചാടനം ചെയ്യുന്നതിനു നിയമം നൽകുന്ന അധികാരങ്ങൾ പരമാവധി വിനിയോഗിക്കുന്നതിന് എന്റെ ഗവണ്മെൻറ് സന്ദേഹിക്കുന്നതല്ല.

## സാമ്പത്തികസ്ഥിതി.

൩൦. വരുന്നകൊല്ലത്തിൽ എന്തെങ്കിലും പുതിയ നികുതി ഏർപ്പെടുത്തുന്നതിന് എന്റെ ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല. നമ്മുടെ കൈവശമുള്ള വിഭവങ്ങൾ ശ്രദ്ധാപൂർവ്വം വിനിയോഗിച്ച് സംസ്ഥാനത്തിന്റെ കുഴഞ്ഞനില കഴിവതും മാററിയിട്ടുണ്ട്. ഫെഡറൽ സാമ്പത്തികസംയോജനം മൂലമുണ്ടായിട്ടുള്ള ബഡ്ജററുവിടവു നികത്തുന്നതിനുള്ള തുകകൾ സംബന്ധിച്ച് എന്റെ ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും തമ്മിൽ തൃപ്തികരമായ ഏർപ്പാടുകളും ചെയ്തുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനവും കേന്ദ്രഗവണ്മെൻറും തമ്മിൽ സ്വത്തുക്കളും ബാദ്ധ്യതകളും വിഭജിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കയാണ്. ഫെഡറൽ സാമ്പത്തികസംയോജനത്തിന്റെ ഫല

മായി പാട്ട് 'എ' സ്റ്റേറ്റുകളോടൊപ്പം ഇൻഡ്യാഗവണ്മെൻറിൽനിന്നും വായ്പകൾ, ഗ്രാൻറുകൾ, ഭക്ഷ്യസാധനസംബന്ധമായ സബ്സിഡികൾ എന്നിവയ്ക്ക് സംസ്ഥാനവും അർഹമായിട്ടുണ്ട്.

൩൧. നാം ഒരു വിഷമഘട്ടത്തിലാണ് ജീവിക്കുന്നത്. അന്തർദ്ദേശീയസ്ഥിതിയുടെ അനിശ്ചിതത്വം രാഷ്ട്രത്തിന്റെ സാമ്പത്തികവശത്ത് പ്രത്യാഘാതങ്ങൾ സഞ്ജാതമാക്കിക്കൊണ്ടിരിക്കുന്നു. വ്യാപാരവും വ്യവസായങ്ങളും ഗുരുതരമായ വൈഷമ്യങ്ങൾക്ക് വിധേയമായിട്ടുണ്ട്. പ്രകൃതികോപങ്ങൾമൂലം കൃഷി നഷ്ടപ്പെട്ടിട്ടുണ്ട്. ഭരണപരമായ അനേക പുതിയ പ്രശ്നങ്ങൾ ദൈനന്ദിനം എല്ലാ ഗവണ്മെൻറുകളെയും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ഭരണത്തിൽ സജീവമായ താൽപര്യം പ്രദർശിപ്പിക്കുന്ന അഭ്യസ്തവിദ്യരും ബുദ്ധിമാന്മാരുമായ പൊതുജനങ്ങളാണ് ഈ സംസ്ഥാനത്തുള്ളത്. അവരുടെ പിൻബലവും വിവേകപൂർവമായ വിമർശനവും എന്റെ ഗവണ്മെൻറിന് ശക്തിദായകമാണെന്നു മാത്രമല്ല, ഉത്തേജനഹേതുകവുമാണ്. സംസ്ഥാനത്തെ ജനങ്ങളുടെ സന്മനോഭാവവും സഹകരണവും ഉള്ള പക്ഷം സകല വിഘ്നങ്ങളും ഉല്ലംഘിച്ച്, സമുദായത്തിലെ ഓരോ വിഭാഗത്തിന്റേയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ട പരിതഃസ്ഥിതികൾ സൃഷ്ടിക്കാൻ കഴിയുമെന്ന് എന്റെ ഗവണ്മെൻറിനു വിശ്വാസമുണ്ട്.

നിങ്ങൾക്കു വന്ദനം.